**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിൽ പ്രത്യേകിച്ചും തെക്കൻ കേരളത്തിൽ സാധ്യമാകാൻ പോകുന്ന വികസന വിപ്ലവം മുന്നിൽക്കണ്ട് ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ്. വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം വേഗത്തിലാക്കാനും അതിന്റെ ഭാഗമായി സാധ്യമാകാൻ ഇടയുള്ള വ്യാപാര വ്യവസായ മുന്നേറ്റങ്ങൾക്ക് വേഗം പകരാനുമുള്ള പദ്ധതി എന്ന നിലയിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഔട്ടർ റിംഗ് റോഡ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രസർക്കാരിന് മുന്നിൽ പദ്ധതി നിർദ്ദേശം മുന്നോട്ടുവയ്ക്കുകയും ഔട്ടർറിംഗ് റോഡ് ദേശീയപാതാ പദ്ധതിയായി നടപ്പിലാക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തു.<br><br>28.04.2018 ൽ ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയിൽ പദ്ധതി ദേശീയപാത അതോറിറ്റി നടപ്പിലാക്കുന്നതിന് ധാരണയായി. കേന്ദ്രം ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാനത്തിന്റെ ധനപരമായ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരും തീരുമാനിച്ചു. പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിയ തുടർച്ചയായ സമ്മർദ്ദങ്ങൾക്ക് ഒടുവിൽ NHAI അലൈൻമെന്റിന് അന്തിമ രൂപം നൽകി. ഇതേ തുടർന്ന് സംസ്ഥാനത്തിന്റെ പങ്കാളിത്തം സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനമെടുത്തു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിംഗ് റോഡ് |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും സർവീസ് റോഡുകളുടെ നിർമ്മാണ തുക പൂർണ്ണമായും സംസ്ഥാനം വഹിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നും ഉള്ള വരുമാനം സംസ്ഥാനം അധിക ബാധ്യത ആയി ഏറ്റെടുക്കുകയും ചെയ്തു ഏകദേശം 1629.24 കോടി രൂപയുടെ പാക്കേജ് ആണ് സംസ്ഥാനം അംഗീകരിച്ചത് . സംസ്ഥാനത്ത് സർക്കാറിന്റെ ഭാഗത്തു നിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചെങ്കിലും ഇപ്പോഴും കേന്ദ്രത്തിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ല. 2024 ഡിസംബറിലും 2025 ജൂണിലും, ഒക്ടോബറിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ഔട്ടർ റിംഗ് റോഡിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഉദ്യോഗസ്ഥതലത്തിലും ചർച്ചകൾ നടത്തിവരുന്നുണ്ട്. അനുമതികളും ഓർമ്മപ്പെടുത്തി ചീഫ് സെക്രട്ടറി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് കത്ത് നൽകി, എന്നാൽ സംസ്ഥാനത്ത് ദേശീയപാത 66 ചില ഭാഗങ്ങളിൽ ഉണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിശദമായ പഠനം നടത്തുകയാണെന്ന മറുപടിയാണ് കേന്ദ്രം നൽകിയത്. അപകട സാധ്യതയുള്ള ഉയർന്ന കട്ടിങ് മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള പരിഹാരമാർഗങ്ങൾ പരിശോധിക്കാനാണ് NHAI തീരുമാനിച്ചത്. ഈ വിദഗ്ധസമിതി റിപ്പോർട്ട് കൂടി പരിഗണിച്ച് DPR പുതുക്കി നൽകുമെന്നും പുതുക്കിയ DPR ന് അനുസരിച്ച് തീരുമാനമെടുക്കുമെന്നും കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഔട്ടർ റിംഗ് റോഡ് യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനസർക്കാർ തുടരുകയാണ്. |
| (ബി) | പ്രസ്തുത ഔട്ടർ റിംഗ് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു എങ്കിലും അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ നഷ്ടപരിഹാര വിതരണം ആരംഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറി തലത്തിലും, ചീഫ് സെക്രട്ടറി തലത്തിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. 2024 ഡിസംബറിലും 2025 ജൂൺ മാസത്തിലും, 2025 ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ നേരിട്ട് |

| | | | |
|---|---|---|---|
| | | | സന്ദർശിച്ച് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു.<br><br>സംസ്ഥാനത്ത് ദേശീയപാത 66 ൽ പലഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിദഗ്ധ ഏജൻസി മുഖേന വിശദമായ പഠനം നടത്താൻ തീരുമാനിക്കുകയും അപകടസാധ്യതയുള്ള ഉയർന്ന കട്ടിംഗ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോ എന്ന് പരിശോധിക്കാൻ M/s Frontier Geo Services Pvt. Ltd. നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതിയുടെ പാരിസ്ഥിതിക അനുമതി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് (വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ) പദ്ധതി അന്തിമ അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണയിൽ ആണ് എന്നും, മുൻഗണന ക്രമവും ഫണ്ട് ലഭ്യതയും പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതാണെന്നു ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | സ്ഥലം ഏറ്റെടുപ്പിലെ അപാകതകൾ സംബന്ധിച്ച ആരോപണവും പ്രതിഷേധവും ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ബി പിരിവിന്റെ അതേ മറുപടി |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ബി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ